**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണവകുപ്പ് - വേളം ഗ്രാമപഞ്ചായത്ത് - ചെറുകുന്ന് ഗവൺമെന്റ് യു.പി സ്കൂളിലെ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി ഒരു വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ.(സാധാ)നം.221/13/തസ്വഭവ തിരുവനന്തപുരം, തീയതി.29.01.2013

---

പരാമർശം:-(1)വേളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.06.12 ലെ എ2.1214/2012 നമ്പർ കത്ത്.

(2) ശ്രീമതി കെ.കെ.ലതിക എം എൽ.എ യുടെ 4.7.12 ലെ കത്ത്

(3) വേളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.11.12 ലെ എ2.1214/2012 നമ്പർ കത്ത്.

(4) 15.11.2010 ലെ സ.ഉ (പി) നം.583/2010/ധന നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

വേളം ഗ്രാമപഞ്ചായത്തിലെ ചെറുകുന്ന് ഗവൺമെന്റ് യു.പി.സ്കൂളിലെ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി ആറ് (6) ലക്ഷം രൂപ എം.എൽ.എ ഫണ്ടിൽ നിന്നും ബാക്കി വരുന്ന തുകയായ 4,50,000/- (നാല് ലക്ഷത്തി അൻപതിനായിരം) രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം ഒന്ന് പ്രകാരം വേളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഹനത്തിന്റെ തുടർ ചെലവുകൾ അദ്ധ്യാപക രക്ഷാകർത്തൃസമിതി വഹിയ്ക്കണമെന്ന നിബന്ധനയോടെ 15.11.2010 ലെ സ.ഉ (പി) നം.583/2010/ധന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ചെറുകുന്ന് ഗവൺമെന്റ് യു.പി.സ്കൂളിലെ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി ശ്രീമതി കെ.കെ. ലതിക എം.എൽ.എ ഫണ്ടിൽ നിന്നും വാഗ്ദാനം ചെയ്തിരിക്കുന്ന 6 ലക്ഷം രൂപ (6,00000) രൂപ കിഴിച്ച് ബാക്കി വരുന്ന തുകയായ 4,50000/- (നാല് ലക്ഷത്തി അൻപതിനായിരം) രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.എസ്.സെന്തിൽ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽബിഎ&എ), തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വേളം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
ധനകാര്യ വകുപ്പ് (03.01.2013 ലെ 110516/ഡെവ3/12/ധന നമ്പർ അനൗദ്യോഗിക ഫയൽ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ